**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4410** **06-03-2023 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ കുപ്പിവെള്ള വ്യവസായശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എത്ര കുപ്പിവെള്ള വ്യവസായശാലകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ വാണിജ്യ ഡയക്ടറേറ്റിൽ ലഭ്യമായ കണക്കു പ്രകാരം, കേരളത്തിൽ സ്വകാര്യ മേഖലയിൽ 210 കുപ്പിവെള്ള വ്യവസായശാലകളുണ്ട്. ഇതു കൂടാതെ സർക്കാർ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ നിലവിൽ രണ്ടു കുപ്പിവെള്ള ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | എത്ര കോടി രൂപയുടെ കുപ്പിവെള്ളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ പൊതു മാർക്കറ്റിൽ ഒരു വർഷം കച്ചവടം നടത്തി വരുന്നുവെന്ന് അറിയിക്കാമോ; | (ബി) | 229 കോടിയോളം രൂപയുടെ കുപ്പിവെള്ളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ പൊതു മാർക്കറ്റിൽ ഒരു വർഷം കച്ചവടം നടത്തി വരുന്നതായി കാണുന്നു. |
| (സി) | കേരളത്തിന് കുപ്പിവെള്ളത്തിന് സ്വന്തമായ ബ്രാന്റ് ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | സാമൂഹിക പരിഗണനയോടെ മിതമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം ജനങ്ങളിലേക്ക് എത്തിക്കുവാൻ സർക്കാർ തലത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി തൊടുപുഴയിലെ മുട്ടം പഞ്ചായത്തിൽ 'ഹില്ലി അക്വാ' എന്ന ബ്രാൻഡിൽ ഒരു കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് വിതരണവും ആരംഭിച്ചു.<br><br>കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ നിർമ്മിച്ച കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് 2020 ലെ സർക്കാർ ഉത്തരവ് പ്രകാരം 7 വർഷത്തേക്ക് പാട്ടത്തിൽ കെ.ഐ.ഐ.ഡി.സി-ക്ക് കൈമാറുകയും തുടർന്ന് ഉത്പാദനവും വിതരണവും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ